പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 544

27.9.2011 ൽ
മറുപടിയ്ക്ക്

## കോഴിക്കോട് സൈബർ പാർക്കുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) കോഴിക്കോട് സൈബർ പാർക്കുകളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | എ) കോഴിക്കോട് സൈബർപാർക്കിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുകയും ആദ്യ രണ്ട് കെട്ടിടങ്ങളായ പാർക്ക് സെന്റർ, 1.70 ലക്ഷം ചതുരശ്രയടി ഐ.ടി. കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവർത്തികൾക്ക് അനുമതി നല്കുകയും ചെയ്തു. പാർക്കിലേയ്ക്കുള്ള റോഡ് നിർമ്മാണ പ്രവർത്തികൾക്കു വേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| ബി) ഈ സൈബർ പാർക്കുകളുടെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | ബി) സൈബർപാർക്കിന്റെ ആദ്യഘട്ട പ്രവർത്തനം ജനവരി 2013 മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) ഇവിടെ പ്രവർത്തനം തുടങ്ങുന്നതിന് ഏതെങ്കിലും ഐ.ടി. കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | സി) 25 ഓളം അപേക്ഷകർ സ്ഥലമനുവദിക്കുന്നതിനായി സൈബർപാർക്ക് അധികൃതർക്ക് അപേക്ഷ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ